# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 42 　　　　 18.03.2013 ൽ മറുപടിക്ക്

### റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എം.പി.മാരുടെ യോഗം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
| (എ) | റെയിൽവേ വികസന ആവശ്യങ്ങൾ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേക്ക് റെയിൽവേ ബഡ്ജറ്റിന്റെ മുന്നോടിയായി ഗവൺമെന്റ് വിളിച്ചു ചേർത്ത എം.പി മാരുടെ യോഗത്തിൽ സംസ്ഥാനത്തു നിന്നുള്ള എത്ര കേന്ദ്ര മന്ത്രിമാർ<br>പങ്കെടുത്തിട്ടുണ്ടായിരുന്നു; അവർ ആരൊക്കെ; | (എ) | കേന്ദ്ര റെയിൽ ബഡ്ജറ്റിനു മുന്നോടിയായി കേന്ദ്ര മന്ത്രിമാരുടേയും എം.പി. മാരുടേയും പ്രത്യേകയോഗം നടന്നിട്ടില്ല. എന്നാൽ 2013-14 സാമ്പത്തിക വർഷത്തെ റെയിൽവേ ബഡ്ജറ്റിനുമുമ്പ് കേരളത്തിലെ റെയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് 30.07.2012 ലും 15.11.2012 ലും നടന്ന എം.പി. മാരുടെ യോഗങ്ങളിൽ വിശദമായ ചർച്ച നടത്തുകയും. തുടർന്ന് സംസ്ഥാനത്തു നിന്നുള്ള കേന്ദ്രമന്ത്രിമാർ, കേരളത്തിലെ ലോക്സഭ. രാജ്യസഭ എം.പി.മാർ തുടങ്ങിയവരിൽ നിന്നും റെയിൽവേ വികസനം സംബന്ധിച്ച അഭിപ്രായം ക്ഷണിച്ചുകൊണ്ട് 27.10.2012 ൽ ഊർജ്ജ ഗതാഗത വകുപ്പുമന്ത്രി കത്തയക്കുകയുണ്ടായി. ഇപ്രകാരം അവരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങൾ സമാഹരിച്ചാണ് 28.11.2012 ൽ കേന്ദ്ര റെയിൽവേ മന്ത്രിക്ക് വിശദമായ നിവേദനം അയച്ചത്. |
| (ബി) | യോഗത്തിൽ പങ്കെടുക്കാതിരുന്ന സംസ്ഥാനത്ത് നിന്നുള്ള കേന്ദ്രമന്ത്രിമാർ ആരൊക്കെയായിരുന്നു; | (ബി) യും (സി) യും | ചോദ്യം ഉദിക്കുന്നില്ല. |
| (സി) | കേന്ദ്ര റെയിൽവേ ബഡ്ജറ്റിന്റെ എത്ര ദിവസം മുൻപ് ഏത് തീയതിയിലായിരുന്നു എം.പി. മാരുടെ യോഗം മുഖ്യമന്ത്രി വിളിച്ച് ചേർത്തിരുന്നത്; യോഗത്തിൽ പങ്കെടുക്കാതിരുന്ന സംസ്ഥാനത്ത് നിന്നുള്ള കേന്ദ്ര മന്ത്രിമാരിൽ ആരൊക്കെയാണ് ആ ദിവസം സംസ്ഥാനത്ത് പര്യടനപരിപാടികളിൽ ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ